പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1259** 08/02/2013 ൽ മറുപടിയ്ക്ക്

**കരം ഒടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ പടിഞ്ഞാറെ കല്ലട വില്ലേജിൽ കാരാളി ജംഗ്ഷൻ, കോതപുരം, പെരുവേലിൽ വീട്ടിൽ രവീന്ദ്രൻപിള്ളയും രാധാമണിയും കൂടി മുൻസർവ്വെ നമ്പർ.6623/6(ടി.നം.16736) ആയി 9 സെന്റ് 44 ലിംഗ്സ് വസ്തു റീസർവ്വേയിൽ ഉൾപ്പെടുത്തി പേരിൽക്കൂട്ടി ലഭിക്കുന്നതിനായി കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, ശാസ്താംകോട്ട എന്നീ റീസർവ്വേ ആഫീസുകളിൽ അപേക്ഷകൾ നൽകിയിട്ട് നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) ശ്രീ.രവീന്ദ്രൻ പിള്ള , കൊച്ചു വീട്ടിൽ, കോതപുരം, പടിഞ്ഞാറെ കല്ലട എന്ന കക്ഷിയുടെ പേരിലുള്ള ബ്ലോക്ക് 11 ൽ റീസർവ്വേ 448/2 ൽ പ്പെട്ട സ്ഥലത്തോട് ചേർന്നുള്ള സർവ്വെ 449/1 ൽ പ്പെട്ട സ്ഥലം റെയിൽവേയുടെ സ്ഥലമാണ്. ടി അപേക്ഷക്കാസ്പദമായ പ്രസ്തുത സ്ഥലം റെയിൽവേ ഏറ്റെടുത്തിരുന്നതാണ്. എന്നാൽ ടി സ്ഥലം 25.05.1963 ലെ ആർ.എൽ 42/KLM ഉത്തരവുപ്രകാരം റെയിൽവേ റിലിംഗ്വിഷ് ചെയ്തിട്ടുള്ളതുമായ രേഖ അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥലം റെയിൽവേ ലൈനിന്റെ ഭാഗമായി വരുന്നതിനാൽ വിശദമായ സർവ്വെ ആവശ്യമാണ്. കൊല്ലം ജില്ലാ സർവ്വെ സൂപ്രണ്ടിനെ ഇക്കാര്യം പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടിയന്തിരമായി കക്ഷിയുടെ പ്രശ്നം പരിഹരിക്കാൻ കൊല്ലം ജില്ലാ കളക്ടർ കൊല്ലം ജില്ലാ സർവ്വെ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പേരിൽക്കൂട്ടി കരം ഒടുക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) സർവ്വെ സൂപ്രണ്ടിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷയിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ